**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5430** **21-07-2022 - ൽ മറുപടിയ്ക്ക്**

**കിടാരി പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കിടാരി പാർക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം,പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കിടാരി പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്. നടപ്പ സാമ്പത്തിക വർഷം 11 കിടാരി പാർക്കുകൾ ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ ഒരെണ്ണം കുട്ടനാട് ചെമ്പുംപുറത്ത് സ്ഥിതി ചെയ്യുന്ന എലിവേറ്റഡ് ക്യാറ്റിൽ ഷെഡ് കേന്ദ്രീകരിച്ച് നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ബാക്കി 10 കിടാരി പാർക്കുകൾ വ്യക്തികൾക്കും സ്വയം സഹായ സംഘങ്ങൾക്കും, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും ഏറ്റെടുത്ത് നടത്താവുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതായിരിക്കും. വരും വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ കിടാരി പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഇപ്പോൾ എത്ര കിടാരി പാർക്കുകളുണ്ടെന്നും എവിടെയെല്ലാമാണ് ഇത് പ്രവർത്തിക്കുന്നതെന്നും വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് നിലവിൽ 6 കിടാരി പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ മേൽക്കടയ്ക്കാവൂർ ക്ഷീരസംഘം, പാലക്കാട് ജില്ലയിൽ കുമരനല്ലൂർ, മൂലത്തറ എന്നീ ക്ഷീരസംഘങ്ങളിലും, വയനാട് ജില്ലയിൽ പുൽപ്പള്ളി ക്ഷീരസംഘം, കണ്ണൂർ ജില്ലയിൽ പേരാവൂർ ക്ഷീരസംഘം, കാസർഗോഡ് ജില്ലയിൽ ചിത്താരി ക്ഷീരസംഘം എന്നിവിടങ്ങളിലാണ് കിടാരി പാർക്കുകൾ പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ